## മധുരമായ കുട്ടികളേ - പൂർണ്ണ നിശ്ശബ്ദതയിലേയ്ക്ക് പോകുന്നതിനുള്ള അഭ്യാസം ചെയ്യൂ, ബുദ്ധി ബാബയുടെ നേർക്കാണെങ്കിൽ ബാബയും നിങ്ങൾക്ക് അശരീരിയായി മാറുന്നതിനുള്ള ശക്തി നൽകും.

**ചോദ്യം:-** നിങ്ങൾ കുട്ടികൾക്ക് ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രം ലഭിക്കുമ്പോൾ ഉണ്ടാകുന്ന സാക്ഷാത്ക്കാരം എന്താണ്?
**ഉത്തരം:-** സത്യയുഗത്തിന്റെ ആരംഭം മുതൽ കലിയുഗത്തിന്റെ അന്ത്യം വരെ നമ്മൾ എങ്ങനെ എങ്ങനെയെല്ലാം പാർട്ട് അഭിനയിച്ചു- ഇതിന്റെ മുഴുവൻ സാക്ഷാത്ക്കാരവുമുണ്ടാകുന്നു. നിങ്ങൾ മുഴുവൻ വിശ്വത്തിന്റേയും ആദി മുതൽ അന്ത്യം വരെയുള്ള എല്ലാ കാര്യങ്ങളും അറിയുന്നു. അറിയുന്നതിനെത്തന്നെയാണ് സാക്ഷാത്ക്കാരം എന്നു പറയുന്നത്. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നുണ്ട് നമ്മൾ ദൈവീക ഗുണങ്ങളുള്ള ദേവതകളായിരുന്നു. ആസുരീയ ഗുണങ്ങളുള്ളവരായി മാറിയിരിക്കുന്നു. ഇപ്പോൾ വീണ്ടും ദൈവീക ഗുണങ്ങളുള്ള ദേവതയായി മാറിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ നമ്മൾ പുതിയ ലോകം, പുതിയ വീട്ടിലേയ്ക്ക് പോകും.

**ഓം ശാന്തി**. കുട്ടികൾ ഓർമ്മയുടെ യാത്രയിൽ ഇരിക്കുകയാണ്. പരിധിയില്ലാത്ത അച്ഛൻ യാത്രയിലിരിക്കുന്നില്ല, ബാബ കുട്ടികൾക്ക് സകാശ് (ശക്തി) നൽകി സഹായിക്കുകയാണ് അർത്ഥം ഈ ശരീരത്തെ മറപ്പിക്കുകയാണ്. കുട്ടികൾ ശരീരത്തെ മറക്കട്ടെ എന്നു കരുതി അച്ഛൻ സഹായിക്കുന്നു. സകാശ് നൽകുന്നത് ആത്മാവിനാണ് കാരണം ബാബ നോക്കുന്നത് തന്നെ ആത്മാക്കളെയാണ്. നിങ്ങൾ എല്ലാവരുടേയും ബുദ്ധി അച്ഛന്റെ അടുത്തേയ്ക്ക് പോകുന്നു. അച്ഛന്റെ ബുദ്ധി അഥവാ ദൃഷ്ടി കുട്ടികളുടെ നേരെയും പോകുന്നു. വ്യത്യാസമില്ലേ. ഡെഡ് സൈലൻസിന്റെ അഭ്യാസം ചെയ്യുന്നു. ശരീരത്തെ ഉപേക്ഷിച്ച് അതിൽ നിന്നും വേർപെടാൻ ആഗ്രഹിക്കുന്നു. ആത്മാവ് മനസ്സിലാക്കുന്നു എത്രത്തോളം ഓർമ്മിക്കുന്നുവോ അത്രത്തോളം ഈ ശരീരത്തിൽ നിന്നും വേർപെടും. എങ്ങനെയാണോ സർപ്പത്തിന്റെ ഉദാഹരണം കാണിക്കുന്നത്, എന്തിനെയാണോ ഉദാഹരണമായി കാണിക്കുന്നത് അതിന് തീർച്ചയായും എന്തെങ്കിലും പ്രത്യേകതയുണ്ടാകും. നിങ്ങൾക്ക് അറിയാം നമ്മൾ ഈ ശരീരം ഉപേക്ഷിച്ച് തിരിച്ച് പോകും എന്നിട്ട് വീണ്ടും വരും. ഈ കാര്യങ്ങൾ മറ്റാർക്കും അറിയില്ല. ഈ ഡ്രാമയെ ആരും അറിയുന്നില്ല. ഇന്നത് ഓർമ്മിച്ചാൽ നിങ്ങളുടെ വികർമ്മം വിനാശമാകും എന്ന് ആരും ഉറപ്പ് നൽകുന്നില്ല. ഇങ്ങനെയുള്ള കാര്യങ്ങൾ ആരും കേൾപ്പിക്കുന്നില്ല. നിങ്ങൾക്ക് അറിയാം ഇത് നമ്മുടെ തിരിച്ചുപോക്കാണ്. ആത്മാവിന്റെ ബുദ്ധിയോഗം ആ ഭാഗത്തേയ്ക്കാണ്. ഇപ്പോൾ നാടകം പൂർത്തിയായിരിക്കുന്നു, ഇപ്പോൾ തിരിച്ച് പോകണം. അച്ഛനെത്തന്നെ ഓർമ്മിക്കണം. ബാബയാണ് പതിത പാവനൻ. ഗംഗാജലത്തിന് മുക്തിദായകനോ വഴികാട്ടിയോ ആവാൻ സാധിക്കില്ല. ഇത് വളരെ നന്നായി മനസ്സിലാക്കുകയും മനസ്സിലാക്കിക്കൊടുക്കുകയും ചെയ്യേണ്ട കാര്യങ്ങളാണ്. അത് ഭക്തിയാണ്. അതിലൂടെ മംഗളം ഉണ്ടാകില്ല. കുട്ടികൾക്ക് അറിയാം ജലം സ്നാനം ചെയ്യാനുള്ളതാണ്. ജലത്തിന് പാവനമാക്കാൻ ഒരിയ്ക്കലും കഴിയില്ല. ഭാവനയുണ്ടെങ്കിൽ അതിന് ഫലം ലഭിക്കും എന്നതും ശരിയല്ല. ഭക്തിമാർഗ്ഗത്തിൽ അതിന് മഹത്വം നൽകിയിട്ടുണ്ട്. ഈ മുഴുവൻ കാര്യങ്ങളേയും അന്ധവിശ്വാസം എന്നാണ് പറയുന്നത്. ഇങ്ങനെയുള്ള ശ്രദ്ധ വെച്ച്- വെച്ച് മനുഷ്യന് ടൈറ്റിൽ ലഭിച്ചു- അന്ധന്മാരുടെ മക്കൾ അന്ധന്മാർ. ഭഗവാന്റെ വാക്കുകളല്ലേ. അന്ധന്മാർ ആരാണ് അലങ്കരിതർ ആരാണ്- ഇതും നിങ്ങൾക്ക് അറിയാം. ഇപ്പോൾ മുഴുവൻ സൃഷ്ടിയുടേയും ആദി മദ്ധ്യ അന്ത്യത്തെ അച്ഛനിലൂടെ അറിഞ്ഞു. നിങ്ങൾ അച്ഛനെ തിരിച്ചറിഞ്ഞു അതിനാൽ സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തേയും അതിന്റെ കാലാവധിയേയും മനസ്സിലായി. ഓരോ ഓരോ കാര്യത്തിലും വിചാര സാഗര മഥനം ചെയ്ത് സ്വയം തന്നെ തീരുമാനം എടുക്കണം. ഭക്തിയും ജ്ഞാനവും തമ്മിൽ വ്യത്യാസമുണ്ട്. ജ്ഞാനം വളരെ വേറിട്ട വസ്തുവാണ്. ഈ ജ്ഞാനം വളരെ പ്രശസ്തമാണ്. രാജയോഗത്തിന്റെ പഠിപ്പല്ലേ. കുട്ടികൾക്ക് ഇതും മനസ്സിലായി- ദേവതകൾ സമ്പൂർണ്ണ നിർവ്വികാരിയായിരുന്നു. രചയിതാവായ അച്ഛൻ ഇരുന്ന് തന്റെ പരിചയവും നൽകുന്നു. ബാബ പരമാത്മാവാണ്. പരമമായ ആത്മാവിനെയാണ് പരമാത്മാവ് എന്നു വിളിക്കുന്നത്. ഇംഗ്ലീഷിൽ സുപ്രീം സോൾ എന്നു വിളിക്കുന്നു. സോൾ അർത്ഥം ആത്മാവ്. അച്ഛന്റെ ആത്മാവ് രൂപത്തിൽ വലുതൊന്നുമല്ല. നിങ്ങൾ കുട്ടികളുടെ ആത്മാവ് എങ്ങനെയാണോ അതുപോലെത്തന്നെയാണ് അച്ഛന്റെ ആത്മാവും. കുട്ടികൾ ചെറുത്, അച്ഛൻ വലുത് അങ്ങനെയൊന്നുമില്ല. പരമമായ നോളേജ്ഫുൾ അച്ഛൻ വളരെ സ്നേഹത്തോടെ കുട്ടികൾക്ക് മനസ്സിലാക്കിത്തന്നുകൊണ്ടിരിക്കുന്നു. പാർട്ട് അഭിനയിക്കുന്നത് ആത്മാവാണ്. തീർച്ചയായും ശരീരം ധാരണ ചെയ്താണ് പാർട്ട് അഭിനയിക്കുന്നത്. ആത്മാവിന്റെ വാസസ്ഥാനം ശാന്തിധാമമാണ്. കുട്ടികൾക്ക് അറിയാം ആത്മാവ് ബ്രഹ്മമഹാതത്വത്തിലാണ് വസിക്കുന്ന

ത്. എങ്ങനെയാണോ ഹിന്ദുസ്ഥാനിൽ വസിക്കുന്നവർ ഹിന്ദുക്കളാണ് എന്ന് പറയുന്നത് അതുപോലെ ബ്രഹ്മാണ്ഡത്തിൽ വസിക്കുന്നവർ പിന്നീട് ബ്രഹ്മത്തെ ഈശ്വരൻ എന്നു കരുതി. ഡ്രാമയിൽ അധ:പതിക്കുന്നതിനുള്ള ഉപായവും അടങ്ങിയിട്ടുള്ളതാണ്. ആര് എത്ര തന്നെ പരിശ്രമിച്ചാലും ശരി തിരിച്ച് പോകാൻ സാധിക്കില്ല. നാടകം പൂർത്തിയാകുമ്പോൾ എല്ലാ അഭിനേതാക്കളും വന്ന് ഒരുമിച്ചുകൂടും. നിർമ്മാതാവും, മുഖ്യ അഭിനേതാവും എല്ലാവരും വന്നു നിൽക്കും. കുട്ടികൾക്ക് അറിയാം ഇപ്പോൾ ഈ നാടകം പൂർത്തിയാവുകയാണ്. ഈ കാര്യം ഒരു സാധു സന്യാസിയ്ക്കും അറിയില്ല. ആത്മജ്ഞാനം ആരിലുമില്ല. പരമാത്മാവായ ബാബ ഇവിടേയ്ക്ക് ഒരേഒരു തവണയാണ് വരുന്നത്. ബാക്കി എല്ലാവർക്കും ഇവിടെ പാർട്ട് അഭിനയിക്കുകതന്നെ വേണം. വൃദ്ധി ഉണ്ടായിക്കൊണ്ടിരിക്കും. ആത്മാക്കൾ എവിടെ നിന്നാണ് വരുന്നത്? അഥവാ ആരെങ്കിലും തിരിച്ച് പോവുകയാണെങ്കിൽ പിന്നെ അത് ഒരു ആചാരമാകുമായിരുന്നു. ഒന്ന് വരും, അടുത്തത് പോകും. പിന്നെ അതിനെ പുനർജന്മം എന്നു പറയാൻ സാധിക്കില്ല. പുനർജന്മം തുടക്കത്തിൽത്തന്നെ ആരംഭിക്കുന്നു. ആദ്യ നമ്പറിലുള്ളത് ഈ ലക്ഷ്മീ നാരായണന്മാരാണ്. അച്ഛൻ മനസ്സിലാക്കിത്തന്നിട്ടുണ്ട് പുനർജന്മം എടുത്ത് എടുത്ത് അവസാനമാകുമ്പോൾ വീണ്ടും ആദ്യ നമ്പറിലേയ്ക്ക് വരേണ്ടി വരും. ഇതിൽ സംശയിക്കേണ്ട കാര്യമൊന്നുമില്ല. ആത്മാക്കൾക്ക് അച്ഛൻ സ്വയം വന്ന് മനസ്സിലാക്കിത്തരുന്നു. എന്താണ് മനസ്സിലാക്കിത്തരുന്നത്? തന്റേയും പരിചയം നൽകുന്നു. പരമാത്മാവ് ആരാണ് എന്നത് മുമ്പ് അറിയുമായിരുന്നോ? ശിവക്ഷേത്രത്തിലേക്ക് പോകുന്നുവെന്നു മാത്രം. ഇവിടെയാണെങ്കിൽ അനേകം ക്ഷേത്രങ്ങളുണ്ട്. സത്യയുഗത്തിൽ ക്ഷേത്രം, പൂജ ഇവയൊന്നും ഉണ്ടാകില്ല. അവിടെ നിങ്ങൾ പൂജ്യ ദേവീ ദേവതയായി മാറുന്നു. പിന്നീട് അരകല്പത്തിനുശേഷം പൂജാരിയായി മാറുമ്പോൾ അവരെ ദേവീ ദേവതാ എന്നു വിളിക്കാൻ സാധിക്കില്ല. പിന്നീട് ബാബ വന്ന് പൂജ്യരാക്കി മാറ്റുന്നു. മറ്റ് ഒരു ദേശത്തിലും ഈ മഹിമയില്ല. രാമരാജ്യം, രാവണരാജ്യം– എല്ലാം നിങ്ങൾ ഇപ്പോൾ മനസ്സിലാക്കി. രാമരാജ്യത്തിന്റെ കാലാവധി എത്രയാണ്– ഇത് തെളിയിച്ച് കൊടുക്കണം. ഇത് നാടകമാണ്, ഇതിനെ മനസ്സിലാക്കണം. ഉയർന്നതിലും ഉയർന്നത് അച്ഛനാണ്, ബാബ ജ്ഞാനസാഗരനുമാണ്. നമ്മൾ അച്ഛനിലൂടെ ഉയർന്നതിലും ഉയർന്നതായി മാറുന്നു. ഉയർന്നതിലും ഉയർന്ന പദവി ലഭിക്കുന്നു. അച്ഛൻ നമ്മളെ പഠിപ്പിക്കുകയാണ്, ദൈവീക ഗുണവും ധാരണ ചെയ്യണം.

കുട്ടികൾ വർണ്ണിക്കുന്നു അങ്ങ് ഇങ്ങനെയാണ്, ഞങ്ങൾ ഇങ്ങനെയാണ്. ഈ സമയത്ത് നിങ്ങൾക്ക് അറിയാം– നമുക്ക് ഇവരെപ്പോലെ സമ്പൂർണ്ണ നിർവ്വികാരിയായി മാറണം. ബബാബയെ ഓർമ്മിക്കുന്നതല്ലാതെ മറ്റൊരു ഉപായവുമില്ല. അഥവാ ആർക്കെങ്കിലും അറിയുമായിരുന്നെങ്കിൽ പറഞ്ഞുതരുമായിരുന്നു. ബ്രഹ്മം അഥവാ തത്വം നിർവ്വികാരിയാണ് എന്ന് ആരെങ്കിലും പറയുമോ. ഇല്ല, ആത്മാവാണ് നിർവ്വികാരിയായി മാറുന്നത്. ബ്രഹ്മം അഥവാ തത്വത്തെ നിർവ്വികാരി എന്നു പറയാൻ കഴിയില്ല. അത് വസിക്കുന്നതിനുള്ള സ്ഥാനമാണ്. കുട്ടികൾക്ക് മനസ്സിലാക്കിത്തരികയാണ് ആത്മാവിൽത്തന്നെയാണ് ബുദ്ധി. ബുദ്ധി എപ്പോൾ തമോപ്രധാനമായി മാറുന്നുവോ അപ്പോൾ വിവേകശൂന്യരായിത്തീരുന്നു. വിവേകശാലികളും വിവേകശൂന്യരും ഉണ്ടല്ലോ. നിങ്ങളുടെ ബുദ്ധി എത്ര ശുദ്ധമായി മാറുന്നു പിന്നീട് എത്രത്തോളം അശുദ്ധമാകുന്നു. നിങ്ങൾക്ക് പവിത്രതയും അപവിത്രതയും തമ്മിലുള്ള വ്യത്യാസം അറിയാം. അപവിത്ര ആത്മാവിന് തിരിച്ച് പോകാൻ സാധിക്കില്ല. ഇപ്പോൾ അപവിത്രത്തിൽ നിന്ന് പവിത്രമായി എങ്ങനെ മാറും– ഇത് മനസ്സിലാക്കിക്കൊടുക്കാൻ വളരെ പരിശ്രമിക്കേണ്ടിവരുന്നു. ഇതും ഡ്രാമയിൽ അടങ്ങിയതാണ്. ഇപ്പോൾ നിങ്ങൾക്ക് അറിയാം – ഇത് സംഗമയുഗമാണ്. അച്ഛൻ കൂട്ടിക്കൊണ്ടുപോകാൻ ഒരേ ഒരു തവണയാണ് വരുന്നത്. എല്ലാവരും പുതിയ ലോകത്തിലേയ്ക്ക് പോകില്ല. ആർക്കാണോ പാർട്ട് ഇല്ലാത്തത് അവർ ശാന്തീധാമത്തിൽത്തന്നെ ഇരിക്കും അതാണ് ചിത്രങ്ങളിലും കാണിച്ചിരിക്കുന്നത്. ബാക്കി ഏതെല്ലാം ചിത്രങ്ങളുണ്ടോ അതെല്ലാം ഭക്തിമാർഗ്ഗത്തിലേതാണ്. ഇത് ജ്ഞാനമാർഗ്ഗത്തിലേതാണ്, ഇതിലൂടെ മനസ്സിലാക്കിക്കൊടുക്കും– സൃഷ്ടിയുടെ ചക്രം എങ്ങനെയാണ് കറങ്ങുന്നത്. നമ്മൾ എങ്ങനെയാണ് താഴേയ്ക്ക് ഇറങ്ങുന്നത്. 14 കലയിൽ നിന്നും 12 കലയാകുന്നു. ഇപ്പോഴാണെങ്കിൽ ഒരു കലയും ശേഷിക്കുന്നില്ല. നമ്പർവൈസാണല്ലോ. അഭിനേതാക്കളും നമ്പർവൈസായിരിക്കും. ചിലരുടെ പ്രതിഫലം 1000, ചിലരുടേത് 1500 ചിലരുടേതാണെങ്കിൽ 100 എത്ര വ്യത്യാസമുണ്ട്. പഠിപ്പിലും രാപ്പകലിന്റെ വ്യത്യാസമുണ്ട്. ആ സ്ക്കൂളിൽ ആരെങ്കിലും തോൽക്കുകയാണെങ്കിൽ വീണ്ടും പഠിക്കേണ്ടി വരുന്നു. ഇവിടെയാണെങ്കിൽ വീണ്ടും പഠിക്കുക എന്ന കാര്യമേയില്ല. പദവി കുറഞ്ഞുപോകും. പിന്നീട് ഒരിയ്ക്കലും പഠിക്കാനേ പറ്റില്ല. ഒരു തവണ മാത്രമാണ് പഠിക്കുന്നത്. അച്ഛനും ഒരു തവണയാണ് വരുന്നത്. കുട്ടികൾക്കും അറിയാം ആദ്യമാദ്യം ഒരു രാജധാനി മാത്രമാണുണ്ടായിരുന്നത്. ഇത് നിങ്ങൾ ആർക്ക് മനസ്സിലാക്കിക്കൊടുത്താലും അവർ അംഗീകരിക്കും. ക്രിസ്ത്യൻസ് ശാസ്ത്രത്തിൽ വളരെ പുരോഗതിയിലാണ് അവരെ നോക്കിയാണ് ബാക്കിയുള്ളവർ എല്ലാം പഠിക്കുന്നത്. അവരുടെ ബുദ്ധി ഇത്രത്തോളം പവിഴവുമല്ല, അത്രത്തോളം കല്ലുമല്ല. ഈ സമയത്ത് അവരുടെ ബുദ്ധി അത്ഭുതം കാണിക്കുന്നു. ശാസ്ത്രത്തിന് ഇത്രയും പ്രചാരം നൽകിയത് അവർ തന്നെ

യാണ്. അതും സുഖത്തിനു വേണ്ടിത്തന്നെയാണ്. നിങ്ങൾക്ക് അറിയാം ഈ പഴയ ലോകത്തിന്റെ വിനാശം തീർച്ചയായും ഉണ്ടാവുക തന്നെ വേണം. പിന്നീട് നിങ്ങൾ ശാന്തീധാമം സുഖധാമത്തിലേയ്ക്ക് പോകും. ഇല്ലെങ്കിൽ ഈ മുഴുവൻ മനുഷ്യ ആത്മാക്കളും എങ്ങനെ തിരിച്ച് വീട്ടിലേയ്ക്ക് പോകും? സയൻസിലൂടെ വിനാശമുണ്ടാകുന്നു. എല്ലാ ആത്മാക്കളും ശരീരം ഉപേക്ഷിച്ച് വീട്ടിലേയ്ക്ക് പോകും. ഈ വിനാശത്തിനുള്ളിൽ മുക്തി ഒളിഞ്ഞുകിടപ്പുണ്ട്. അര കല്പമായി നിങ്ങൾ മുക്തിയ്ക്കുവേണ്ടിയല്ലേ പരിശ്രമിച്ചു വന്നത്. അതിനാൽ സയൻസും, പ്രകൃതിക്ഷോഭങ്ങളും, ഇതിനെ പ്രകൃതിയുടെ ആപത്തുകൾ എന്നാണ് പറയുന്നത് ഇത് സംഭവിക്കണം. മനസ്സിലാക്കണം ഈ യുദ്ധം മുക്തിധാമത്തിലേയ്ക്ക് കൂട്ടിക്കൊണ്ടുപോകുന്നതിന് നിമിത്തമായി മാറുന്നു. എല്ലാവർക്കും മുക്തിധാമത്തിലേയ്ക്ക് പോകണം. നിങ്ങൾ എത്ര പരിശ്രമിച്ചു, ഗുരുവിൽ ശരണം തേടി, ഹഠയോഗങ്ങൾ അഭ്യസിച്ചു. ആർക്കും മുക്തിധാമത്തിലേയ്ക്ക് പോകാൻ കഴിഞ്ഞില്ല. സയൻസിന്റെ എത്ര യന്ത്രങ്ങൾ തയ്യാറായിരിക്കുന്നു, മനസ്സിലാക്കണം വിനാശം തീർച്ചയായും ഉണ്ടാകും. പുതിയ ലോകത്തിൽ എന്തായാലും കുറച്ചുപേരേ ഉണ്ടാകൂ. ബാക്കി എല്ലാവരും മുക്തിധാമത്തിലേയ്ക്ക് പോകും. ജീവന്മുക്തിയിലേയ്ക്ക് വരുന്നത് പഠിപ്പിന്റെ ശക്തികൊണ്ടാണ്. നിങ്ങൾ അചഞ്ചലവും ദൃഢവും അഖണ്ഢവുമായ രാജ്യമാണ് ഭരിക്കുന്നത്. ഇവിടെയാണെങ്കിൽ നോക്കൂ ഓരോ ഖണ്ഢത്തേയും കഷ്ണങ്ങളാക്കിയിരിക്കുന്നു. ബാബ നിങ്ങളെ അചഞ്ചലവും അഖണ്ഢവുമായ മുഴുവൻ വിശ്വത്തിന്റേയും രാജധാനിയുടെ അധികാരിയാക്കുന്നു. പരിധിയില്ലാത്ത അച്ഛന്റെ സമ്പത്ത് പരിധിയില്ലാത്ത ചക്രവർത്തീപദവിയാണ്. ഈ സമ്പത്ത് ആര് എപ്പോൾ നൽകി? ഇത് ആരുടേയും ബുദ്ധിയിൽ വരുന്നില്ല. നിങ്ങൾ മാത്രമാണ് അറിയുന്നത്. ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രം ആത്മാവിന് ലഭിച്ചിരിക്കുന്നു. ആത്മാവ് ജ്ഞാനസ്വരൂപമായി മാറുന്നു. അതും ജ്ഞാനസാഗരനായ അച്ഛനിലൂടെ തന്നെ വേണം ആകാൻ. അച്ഛൻ തന്നെ വന്ന് രചയിതാവിന്റേയും രചനയുടെ ആദി മദ്ധ്യ അന്ത്യത്തിന്റേയും ജ്ഞാനം നൽകിക്കൊണ്ടിരിക്കുകയാണ്. ഒരു സെക്കന്റിന്റെ കാര്യമാണ്. സെക്കന്റിൽ ജീവന്മുക്തി. ബാക്കി എല്ലാവർക്കും മുക്തി ലഭിക്കുന്നു. ഇതും ഡ്രാമയിൽ ഉള്ളതാണ്. രാവണന്റെ ബന്ധനത്തിൽ നിന്നും എല്ലാവരും മുക്തമാകുന്നു. ലോകർ വിശ്വത്തിൽ ശാന്തിയുണ്ടാക്കാൻ എന്തെല്ലാം പരിശ്രമങ്ങൾ ചെയ്യുന്നു. ഇതും നിങ്ങൾ മാത്രമേ അറിയുന്നുള്ളു, അതായത് വിശ്വത്തിലും ബ്രഹ്മാണ്ഢത്തിലും ശാന്തി എപ്പോഴാണ് ഉണ്ടാകുന്നത്. ബ്രഹ്മാണ്ഢത്തിൽ ശാന്തി എന്നു പറയും പിന്നീട് വിശ്വത്തിൽ ശാന്തി, സുഖം രണ്ടുമുണ്ടാകും. വിശ്വം വേറെയാണ് ബ്രഹ്മാണ്ഢം വേറെയാണ്. സൂര്യ ചന്ദ്രന്മാർക്കും ഉപരിയാണ് ബ്രഹ്മാണ്ഢം. അവിടെ ഇതൊന്നും ഉണ്ടാകില്ല. അതിനെ സൈലൻസിന്റെ ലോകം എന്നാണ് പറയുന്നത്. ശരീരം ഉപേക്ഷിച്ച് സൈലൻസിലേയ്ക്ക് പോകും. നിങ്ങൾ കുട്ടികൾക്ക് അതും ഓർമ്മയുണ്ട്. നിങ്ങൾ ഈ സമയത്ത് അവിടേയ്ക്ക് പോകാൻ തയ്യാറെടുപ്പുകൾ നടത്തുകയാണ്. ബാക്കി ആർക്കും അറിയില്ല. നിങ്ങളെക്കൊണ്ട് തയ്യാറെടുപ്പുകൾ നടത്തിക്കുകയാണ്. ബാക്കി ഈ യുദ്ധം മംഗളകാരിയാണ്, എല്ലാവരുടേയും കണക്കു വഴക്കുകൾ ഇല്ലാതാകണം. എല്ലാവരും പവിത്രമായി മാറും. അഗ്നിയിലൂടെ സർവ്വ വസ്തുക്കളും പാവനമായി മാറും. എങ്ങനെ ബാബയ്ക്ക് ഡ്രാമയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ അറിവുണ്ടോ അതുപോലെ നിങ്ങൾ അഭിനേതാക്കൾക്കും ഈ ഡ്രാമയുടെ ആദി മദ്ധ്യ അന്ത്യത്തെ അറിയാം. അറിയുന്നതിനെത്തന്നെയാണ് സാക്ഷാത്ക്കാരം എന്നു പറയുന്നത്.

ഇപ്പോൾ നിങ്ങളുടെ ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രം തുറന്നിരിക്കുന്നു. നമ്മൾ മുഴുവൻ വിശ്വത്തേയും, സത്യയുഗം മുതൽ കലിയുഗത്തിന്റെ അന്ത്യം വരെയുള്ള മുഴുവൻ കാര്യങ്ങളേയും അറിഞ്ഞിരിക്കുന്നു. ബാക്കി ഒരു മനുഷ്യനും ഇത് അറിയില്ല. നിങ്ങൾ മനിസ്സിലാക്കുന്നുണ്ട് നമ്മൾ ദൈവീക ഗുണങ്ങളുള്ളവരായിരുന്നു നമ്മൾ തന്നെയാണ് ആസുരീയ ഗുണങ്ങളുള്ളവരായി മാറിയത്. പിന്നീട് ബാബ വന്ന് ദൈവീക ഗുണമുള്ളവരാക്കി മാറ്റുന്നു. ബാബ വരുന്നത് തന്നെ പതിതരെ പാവനമാക്കി മാറ്റുന്നതിനാണ്. ലോകത്തിലുള്ള മറ്റാർക്കും ഇത് അറിയില്ല ഈ ദേവീ ദേവതാ വംശത്തിലുള്ളവർ തന്നെയാണ് പൂർണ്ണമായി 84 ജന്മങ്ങൾ എടുക്കുന്നത്. പാവനമായിരുന്നവർ തന്നെ പതിതമായി മാറുന്നു. ഇത് ആരുടേയും ബുദ്ധിയിൽ ഇല്ല. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നുണ്ട് ഇത് ജഢചിത്രങ്ങളാണ്. അവരുടെ കൃത്യമായ ഫോട്ടോ എടുക്കാൻ സാധിക്കില്ല. അവർ പ്രകൃതിദത്തമായി വെളുത്തവരാണ്. പ്രകൃതി പവിത്രമായതിനാൽ ശരീരവും പവിത്രമായിരിക്കും. ഇവിടെയാണെങ്കിൽ അപവിത്രമാണ്. ഈ വർണ്ണശബളമായ ലോകം സത്യയുഗത്തിലുണ്ടാകില്ല. കൃഷ്ണനെ ശ്യാമസുന്ദരൻ എന്നു വിളിക്കുന്നു. സത്യയുഗത്തിൽ സുന്ദരനും കലിയുഗത്തിൽ ശ്യാമനും. സത്യയുഗത്തിൽ നിന്നും കലിയുഗത്തിലെത്തുന്നത് എങ്ങനെയാണ്– നിങ്ങൾക്ക് നമ്പർ വൺ മുതൽ എല്ലാം അറിയാം. കൃഷ്ണൻ ഗർഭത്തിലൂടെ ജനിച്ചു ഉടൻ പേരുവെച്ചു. പേര് എന്തായാലും വേണമല്ലോ. നിങ്ങൾ പറയും കൃഷ്ണന്റെ ആത്മാവ് സത്യയുഗത്തിൽ സുന്ദരനായിരുന്നു പിന്നീട് കറുത്തതായി മാറി അതിനാലാണ് കൃഷ്ണനെ ശ്യാമനെന്നും സുന്ദരനെന്നും വിളിക്കുന്നത്. കൃഷ്ണന്റെ ജാതകം ലഭിക്കുക അർത്ഥം മുഴുവൻ വിശ്വത്തിന്റേയും ജാതകം ലഭിക്കുക എന്നതാണ്. എത്ര രഹസ്യം

നിറഞ്ഞതാണ്, പക്ഷേ ഇത് നിങ്ങൾ മാത്രമാണ് അറിയുന്നത് ബാക്കി ആർക്കും അറിയില്ല. നിങ്ങൾക്ക് എല്ലാവർക്കും പുതിയ ലോകത്തിലേയ്ക്ക്, പുതിയ വീട്ടിലേയ്ക്ക് പോകണം. ആരാണോ നല്ലരീതിയിൽ പഠിപ്പ് പഠിക്കുന്നത് അവരാണ് പുതിയ ലോകത്തിലേയ്ക്ക് പോകുന്നത്. ബാബയാണ് പരിധിയില്ലാത്ത മുഴുവൻ ലോകത്തിന്റേയും അധികാരി, എല്ലാ ആത്മാക്കളുടേയും അച്ഛൻ. അച്ഛനെ ഈ പഠിപ്പിന്റേയും അധികാരി എന്നാണ് വിളിക്കുന്നത്. ഇതിൽ ഒരു ചോദ്യമോ സംശയമോ ചോദിക്കാൻ സാധിക്കില്ല. ഇതിൽ ശാസ്ത്രവാദം ചെയ്യേണ്ട ആവശ്യമില്ല. ഒരേ ഒരു സർവ്വ ശ്രേഷ്ഠനായ ടീച്ചർ ഇരുന്ന് പഠിപ്പിക്കുകയാണ്. അവർ തന്നെയാണ് സത്യം. സത്യനാരായണന്റെ സത്യമായ കഥ പഠിപ്പിന്റെ രൂപത്തിൽ കേൾപ്പിക്കുകയാണ്. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) തന്റെ മുഴുവൻ കണക്ക് വഴക്കുകളേയും സമാപ്തമാക്കി സൈലൻസിന്റെ ലോകത്തിലേയ്ക്ക് പോകുന്നതിനുള്ള തയ്യാറെടുപ്പുകൾ നടത്തണം. ഓർമ്മയുടെ ബലത്തിലൂടെ ആത്മാവിനെ സമ്പൂർണ്ണ പാവനമാക്കി മാറ്റണം.

2) ജ്ഞാനസാഗരന്റെ ജ്ഞാനത്തെ സ്വരൂപത്തിലേയ്ക്ക് കൊണ്ടുവരണം. വിചാര സാഗരമഥനം ചെയ്ത് തന്റെ തീരുമാനം സ്വയം എടുക്കണം. സത്യയുഗത്തിൽ ശ്രേഷ്ഠ പദവി പ്രാപ്തമാക്കുന്നതിനുവേണ്ടി ദൈവീക ഗുണങ്ങൾ ധാരണ ചെയ്യണം.

## വരദാനം:- ബാബയോടൊപ്പം കഴിഞ്ഞ്-കഴിഞ്ഞ് ബാബയ്ക്ക് സമാനമാകുന്ന സർവ്വ ആകർഷണങ്ങളുടേയും പ്രഭാവത്തിൽ നിന്ന് മുക്തരായി ഭവിക്കൂ

എവിടെ ബാബയുടെ ഓർമ്മയുണ്ടോ അർത്ഥം ബാബയുടെ കൂട്ടുണ്ടോ അവിടെ ദേഹ-ബോധത്തിന്റെ ഉത്പത്തി ഉണ്ടാകുകയില്ല. ബാബയോടൊപ്പം അഥവാ കൂടെ കഴിയുന്നവർ ലോകത്തിലെ വികാരീ തരംഗം അഥവാ ആകർഷണത്തിന്റെ പ്രഭാവത്തിൽ നിന്ന് ദൂരെയാകുന്നു. ഇങ്ങനെ കൂടെ കഴിയുന്നവർ കൂടെ കഴിഞ്ഞ്-കഴിഞ്ഞ് ബാബയ്ക്ക് സമാനമായി മാറുന്നു. ഏതുപോലെയാണോ ബാബ ഉയർന്നതിലും ഉയർന്നത് അതുപോലെ കുട്ടികളുടെ സ്ഥിതിയും ഉയർന്നതായി മാറുന്നു. താഴെയുള്ള ഒരു കാര്യത്തിനും അവരിൽ തന്റെ പ്രഭാവമുണ്ടാക്കാൻ സാധിക്കില്ല.

## സ്ലോഗൻ:- മനസ്സും ബുദ്ധിയും നിയന്ത്രണത്തിലാണെങ്കിൽ അശരീരിയാകുന്നത് സഹജമാകും.